LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12, 2014-15 എന്നീ വർഷങ്ങളിൽ ഏറനാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ച 3 റോഡുകളുടെ പേര് ചുവടെ ചേർക്കുന്നു:

1. തെരുമ്മൽ-കല്ലരുട്ടി റോഡ്
2. ചുള്ളാട്ടിരിപ്പാറ-വാഴക്കോട് റോഡ്
3. മണ്ണുമാടം-കളത്തിൻ കടവ് റോഡ്

(ബി) ഭരണാനുമതി ലഭിച്ച മൂന്ന് റോഡുകളും പൂർത്തിയായിട്ടില്ല. ടി റോഡുകളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(സി) പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

നാട്ടിക മണ്ഡലത്തിലെ ഇന്ദിരാ ആവാസ് യോജന പദ്ധതി

12 (3295) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിൽ പെടുന്ന ചേർപ്പ്, അന്തിക്കാട്, തളിക്കുളം ബ്ലോക്കുകളിൽ എത്ര ഭവന വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ ഭവന അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണവും കടിശ്ശികയായ അപേക്ഷകരുടെ എണ്ണവും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (3296) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും NREGS ജീവനക്കാർക്കും വേതനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേതനം നൽകുന്നതിൽ കാലതാമസമുണ്ടായാൽ നഷ്ടപരിഹാരം ഉൾപ്പെടെ നൽകണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) വേതനം മുടങ്ങിയ തൊഴിലാളികൾക്കും ജീവനക്കാർക്കും നഷ്ടം കൂടി ഉൾപ്പെടുത്തിക്കൊണ്ട് വേതനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വേതന വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തിട്ടുള്ള അവിദഗ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം നൽകണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള അർഹതാപരിശോധന നടത്തുകയും, അർഹരാണെന്ന് കണ്ടെത്തുന്ന അവിദഗ്ധ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ്

14 (3297) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഏപ്രിൽ 10-ന് ആരംഭിച്ച സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിൽ ധാരാളം തെറ്റുകൾ കടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തെറ്റുകൾ തിരുത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും ;

(ബി) പ്രസ്തുത സെൻസസിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(സി) പ്രസിദ്ധീകരിക്കാൻ പോകുന്ന സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് അടിസ്ഥാനമാക്കി ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഈ ലിസ്റ്റ് ഉപയോഗിച്ച് ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly